പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.309 — 10.06.2013 ൽ മറുപടിയ്ക്ക്

യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച യുവജനനയം നടപ്പിലാക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച യുവജനനയം നടപ്പിലാക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചു കൊണ്ട് അവ നടപ്പിലാക്കിവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) സത്യം, അഹിംസ, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ യുവാക്കൾക്കിടയിൽ വളർത്തിയെടുക്കുകയെന്നതും, രാഷ്ട്രത്തിന്റെ ഐക്യവും, അഖണ്ഡതയും കാത്ത് സൂക്ഷിച്ച് ഇൻഡ്യൻ ഭരണഘടനയോട് കൂറും, വിധേയത്വവുമുള്ള യുവജനങ്ങളെ വാർത്തെടുക്കുക എന്നതും, യുവജനങ്ങളുടെ സമഗ്ര വികസനത്തിലൂടെ അവരെ ശാക്തീകരിക്കുക എന്നതും യുവജനങ്ങളുടെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുക എന്നതും യുവജനനയത്തിന്റെ ലക്ഷ്യങ്ങളാണ്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത് ; | (സി) | യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന യുവജനക്ഷേമ ബോർഡാണ് യുവജന നയത്തിനനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസിയായി പ്രവർത്തിക്കുന്നത്. |
| (ഡി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി നേടിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | യുവജന നയം അംഗീകരിച്ചു കൊണ്ട് സ.ഉ(അ) നമ്പർ 3/12/കാ.യു.വ പ്രകാരം 12.12.2012 നാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. യുവജനനയത്തിനനുസരിച്ചുള്ള പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പ സാമ്പത്തിക വർഷം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിട്ട് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതേയുള്ളൂ. പ്രസ്തുത പരിപാടികൾ ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അവ പൂർണമായി നടപ്പിലാക്കിയതിനുശേഷം മാത്രമേ എന്തെല്ലാം ലക്ഷ്യങ്ങൾ നേടി എന്ന് വിലയിരുത്താനാകൂ. |

സെക്ഷൻ ഓഫീസർ